**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 848** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യ നീതി വകുപ്പിന്റെ പ്രധാന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ കേന്ദ്രസർക്കാർ/സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; ഈ പദ്ധതികൾ മുഖേന നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ കേന്ദ്രസർക്കാർ/സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -I ൽ ചേർത്തിരിക്കുന്നു.

**(ബി)** ടി പദ്ധതികളുമായി ബന്ധപ്പെട്ട് ഡയറക്ടറേറ്റിൽ ഏതെല്ലാം തസ്തികകളിലാണ് കരാറടിസ്ഥാനത്തിൽ ആളുകൾ ജോലി ചെയ്യുന്നതെന്ന് അറിയിക്കുമോ; ഓരോ തസ്തികയിലുമുള്ള ജീവനക്കാരുടെ എണ്ണം, തസ്തികകളുടെ കരാർ വേതനം, ഓരോ തസ്തികയിലും കരാർ കാലാവധി അവസാനിക്കുന്ന തീയതി എന്നിവ പട്ടിക തിരിച്ച് നൽകുമോ?

**<u>മറുപടി:</u>** വിശദാംശങ്ങൾ അനുബന്ധം -II ൽ ചേർത്തിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം I

### സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ട്രാൻസ്ജെൻഡർ സമൂഹത്തിനായി ആവിഷ്കരിച്ചിരിക്കുന്ന സമഗ്ര പദ്ധതിയാണ് "മഴവിൽ" പദ്ധതി ടി പദ്ധതിയുടെ കീഴിൽ വരുന്ന വിവിധ ഉപപദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### i) ട്രാൻസ്ജെൻഡർ വ്യക്തി ഗുണഭോക്തൃ പദ്ധതികൾ

#### 1) ട്രാൻസ്ജെൻഡർ വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി

സംസ്ഥാനത്തിനകത്തും പുറത്തും സർക്കാർ/സർക്കാർ എയ്ഡഡ്/സെൽഫ് ഫിനാൻസ് വിദ്യാലയങ്ങളിൽ 7–ാം ക്ലാസ്സ് മുതൽ ഡിഗ്രി /പിജി തലം വരെ പഠനം നടത്തുന്ന കേരളീയരായ TG വിദ്യാർത്ഥികൾക്ക് 10 മാസകാലത്തേയ്ക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി.

7-10 ക്ലാസ് : **₹1,000 × 10 മാസം**

പ്ലസ് 1 / പ്ലസ് 2 : **₹1,500 × 10 മാസം**

ഡിപ്ലോമ / ഡിഗ്രി / പി.ജി / പ്രൊഫഷണൽ : **₹2,000 × 10 മാസം**

#### 2. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം / താമസ സൗകര്യം ഒരുക്കുന്നതിനുള്ള ധനസഹായ പദ്ധതി

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായമാണ് ഈ പദ്ധതി. ഓരോ അക്കാദമിക് വർഷവും പുതിയ അപേക്ഷ ആവശ്യമാണ്, വിദ്യാഭ്യാസ സ്ഥാപന മേധാവിയുടെ സാക്ഷ്യപ്പെടുത്തൽ നിർബന്ധമാണ്. നിലവിലെ സാമ്പത്തികവും വില സൂചികപരമായ കാരണങ്ങളും പരിഗണിച്ച് ഒരു വിദ്യാർത്ഥിക്ക് ഒരു മാസത്തേയ്ക്ക് **4,000/-** രൂപ വീതം 10 മാസം വരെ തുക അനുവദിക്കുന്നു.

**3. സഫലം/ വർണ്ണം - പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും വിദൂര വിദ്യാഭ്യാസത്തിനും ധനസഹായം അനുവദിക്കുന്ന പദ്ധതി**

അർഹരായ ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് മെച്ചപ്പെട്ട പഠന സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ (റെഗുലർ ) പഠിക്കുന്നതിനായും വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ കൂടി സംസ്ഥാനത്ത് ഡിഗ്രി/പി.ജി./പി.ജിഡിപ്ലോമ/ഡിപ്ലോമ/പ്രൊഫഷനൽ കോഴ്സ് തുടങ്ങിയ ഉന്നത കോഴ്സുകളിൽ പഠനം നടത്തുന്നതിനായും ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി. പ്രൊഫഷണൽ കോഴ്സുകൾക്ക് ഒരു വർഷം പരമാവധി ഒരു ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നതാണ്. വിദൂര വിദ്യാഭ്യാസം നടത്തുന്നതിന് രജിസ്ട്രേഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷ ഫീസ്, പഠന കാലയളവിൽ അസൈൻമെന്റ്, പ്രോജക്റ്റ് തുടങ്ങിയവ തയ്യാറാക്കുന്നതിന്, പഠന സാമഗ്രികൾ വാങ്ങുന്നതിന്, കോണ്ടാക്ട് ക്ലാസുകൾ/ പരീക്ഷകൾ എന്നിവയിൽ പങ്കെടുക്കുന്നതിനുമായി ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഒരു വർഷം പരമാവധി 24,000/- രൂപ വരെ അനുവദിക്കുന്നതാണ് .

**4. "സമന്വയ' തുടർവിദ്യാഭ്യാസ പദ്ധതി.**

പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം നൽകുന്നതിനും തുല്യതാപരീക്ഷ എഴുതുന്നതിനും ധനസഹായം അനുവദിക്കുന്ന പദ്ധതി. അദൃശ്യവല്ക്കരിക്കപ്പെട്ടവരെ ദൃശ്യരാക്കി മാറ്റുവാൻ തുടർവിദ്യാഭ്യാസത്തിലൂടെ അവസരമൊരുക്കുന്ന പ്രസ്തുത പദ്ധതി **'സമന്വയ'** എന്ന പേരിൽ കേരള സംസ്ഥാന സാക്ഷരത മിഷനുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. അടിസ്ഥാന സാക്ഷരത, നാലാം തരം, ഏഴാം തരം, പത്താം തരം, പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. പഠിതാക്കൾക്ക് വിദ്യാഭ്യാസ സഹായവും താമസസൗകര്യവും ഇതോടൊപ്പം നടപ്പിലാക്കി വരുന്നു.

**5. ട്രാൻസ്ജെൻഡർ ദമ്പതികൾക്കുള്ള വിവാഹധനസഹായം**

സമൂഹത്തിൽ പുറംതള്ളപ്പെട്ടുപോയ ട്രാൻസ്ജെൻഡർ വ്യക്തികൾ നിയമപരമായി വിവാഹം കഴിച്ച് കുടുംബജീവിതം നയിക്കാൻ സന്നദ്ധരാകുന്നപക്ഷം അവരുടെ സാമൂഹ്യജീവിതത്തിന്റെ തുടർച്ച സാദ്ധ്യമാക്കുന്നതിന് വിവാഹധനസഹായം അനുവദിക്കുന്നു. നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 30,000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) വിവാഹ ധനസഹായമായി നൽകി വരുന്ന പദ്ധതിയാണിത്.

**6. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം നൽകുന്ന "കരുതൽ പദ്ധതി**

സാമൂഹിക പിന്തുണയില്ലായ്മ മൂലം അടിയന്തിര പ്രതിസന്ധികൾ നേരിടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഉടൻ സഹായം നൽകുന്നതാണ് കരുതൽ പദ്ധതിയുടെ

പ്രധാന ലക്ഷ്യം. അടിയന്തിര ശസ്ത്രക്രിയ, ചികിത്സ, ഭക്ഷണം, താമസം, വസ്ത്രം, നിയമ സഹായം തുടങ്ങിയ ആവശ്യങ്ങൾക്ക് കരുതൽ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു. ജില്ല സാമൂഹ്യനീതി ഓഫീസർക്ക് മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് മുൻപ് ₹ 25,000 വരെ അടിയന്തിര സഹായം അനുവദിക്കുന്നു.

**7. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനത്തിന് സാമ്പത്തിക സഹായം അനുവദിയ്ക്കുന്ന "യത്നം' പദ്ധതി**

UPSC, ബാങ്കിംഗ് സർവീസസ്, RRB, KPSC, UGC/NET/JRF എന്നിവ പോലുള്ള മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കായുള്ള പ്രത്യേക പദ്ധതിയാണ് യത്നം പദ്ധതി. പരീക്ഷാ തയ്യാറെടുപ്പിനാവശ്യമായ സാമ്പത്തികവും അക്കാദമികവുമായ പിന്തുണയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**8. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള സാമ്പത്തിക സഹായം**

ലിംഗപരിവർത്തന (Gender Affirming Surgery) ശസ്ത്രക്രിയ നടത്തിയ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സാമ്പത്തിക സഹായം നൽകുന്നതാണ് ഈ പദ്ധതി.

ട്രാൻസ്മെൻ – **5,00,000/–** രൂപ വരെ

ട്രാൻസ്വുമൺ –**2,50,000/–** രൂപ വരെ

**9. ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞുള്ള പരിചരണ സഹായം**

ലിംഗപരിവർത്തന ശസ്ത്രക്രിയയ്ക്ക് ശേഷം ശരീരം പൂർണമായി സുഖം പ്രാപിക്കുന്നതിനും പോഷകാഹാരത്തിനുമായി 12 മാസത്തേക്ക് മാസം 3000/– രൂപ നിരക്കിൽ ₹36,000/– രൂപയുടെ സഹായം നൽകുന്ന പദ്ധതിയാണിത്

**ii) പ്രതിഭ പദ്ധതി**

സംസ്ഥാന–ദേശീയ –അന്തർ –ദേശീതലത്തിൽ ബോഡി ബിൽഡിംഗ് ചാമ്പ്യൻഷിപ്പുകളിൽ മത്സരിക്കുന്നതിന് നിശ്ചിത കാലയളവിൽ പരിശീലനം നേടുന്നതിനും ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന സൗന്ദര്യമത്സരം, മറ്റ്കലാ–കായിക മത്സരങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നതിനും ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ചെലവാകുന്ന തുക ധനസഹായമായി അനുവദിക്കുന്ന വ്യക്തിഗത ഗുണഭോക്തൃപദ്ധതിയാണ് 'പ്രതിഭ'പദ്ധതി.

**അനുവദിക്കുന്ന തുകകൾ**

ബോഡി ബിൽഡിംഗ് – 1,00,000/– രൂപ. (50:50 എന്ന അനുപാതത്തിൽ 2 ഘട്ടങ്ങളിലായി)

സൗന്ദര്യമത്സരം –30,000/– രൂപ

മറ്റ് കലാ–കായിക മത്സരങ്ങൾ– 25,000/– രൂപ

**iii) ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുന്ന പദ്ധതിയാണിത്. വിദേശത്ത് ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി, പോസ്റ്റ്

ഡോക്ടറൽ പഠനം നടത്താൻ ആഗ്രഹിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പഠനച്ചെലവ്, വിസ, യാത്ര, ജീവിതച്ചെലവ് എന്നിവ മുഴുവനായി ഉൾക്കൊള്ളുന്ന സ്കോളർഷിപ്പ് പദ്ധതി.

**iv) സാകല്യം പദ്ധതി**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തൊഴിൽ നൈപുണ്യം പരിശീലനം നൽകുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് സാകല്യം പദ്ധതി. സാകല്യം പദ്ധതി പ്രകാരം കോഴ്സ് ഫീസ് , സ്റ്റൈപ്പന്റ് എന്നിവയാണ് നൽകുന്നത്.

**v) അനന്യം പദ്ധതി**

ട്രാൻസ്ജെൻഡർ സമൂഹത്തിലെ കലാപരമായ കഴിവുകളും സർഗ്ഗാത്മകതയും വികസിപ്പിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ആരംഭിച്ച പദ്ധതിയാണ് അനന്യം പദ്ധതി. സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റം ലക്ഷ്യമിടുന്ന ഈ പദ്ധതി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സമൂഹത്തിൽ ദൃശ്യതയും അംഗീകാരവും വർദ്ധിപ്പിക്കുന്നു.

**vi). സ്വയംതൊഴിൽ ധനസഹായ പദ്ധതി**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിനായി കേരള വനിത വികസന കോർപ്പറേഷൻ വഴി **₹3 ലക്ഷം** വരെ വായ്പ ലഭ്യമാക്കുന്ന പദ്ധതി.

**vii). സുഭദ്രം- ട്രാൻസ്ജെൻഡർ ഭവന പദ്ധതി**

വാസസ്ഥലമില്ലായ്മ നേരിടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമായി സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് സുഭദ്രം പദ്ധതി. ഈ പദ്ധതി പ്രകാരം 3 തരം ഗുണഭോകതാക്കൾക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാകുന്നു.

**I.** LSGI / Kudumbashree / LIFE Mission / PMAY (U) പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് പരമാവധി **₹2 ലക്ഷം** ഗ്യാപ് ഫണ്ട്.

II. സ്വന്തമായി ഭൂമിയുള്ള പക്ഷേ ലൈഫ്/കുടുംബശ്രീ ഗുണഭോക്താക്കളല്ലാത്തവർക്ക് പരമാവധി ₹6 ലക്ഷം.

III. ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമി വാങ്ങലും നിർമ്മാണവും ഉൾപ്പെടുത്തി പരമാവധി ₹15 ലക്ഷം.

**II. മിശ്രവിവാഹ ധനസഹായ പദ്ധതി**

സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒഴികെയുള്ള സാമ്പത്തിക ദുരിതം അനുഭവിയ്ക്കുന്ന മിശ്ര വിവാഹ ദമ്പതിമാർക്ക് 30,000/-രൂപ വീതം ധനസഹായം അനുവദിയ്ക്കുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഇതിനായി ഓരോ സാമ്പത്തിക വർഷവും നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ തുക വകയിരുത്തുന്നു. ടി ശീർഷകത്തിൽ

വകയിരുത്തുന്ന തുക ബ്ലോക്ക് പഞ്ചായത്ത് തലം, മുൻസിപാലിറ്റി തലം, കോർപ്പറേഷൻ തലം എന്നിങ്ങനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശീർഷകങ്ങളിൽ കൈമാറ്റം ചെയ്താണ് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിയ്ക്കുന്നത്.

## III നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാൻറ് റിഡക്ഷൻ (NAPDDR)

100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി. സാമൂഹ്യനീതി വകുപ്പിൻറെ നേതൃത്വത്തിൽ സംസ്ഥാനത്ത് സജീവമായി നടപ്പിലാക്കുന്നു. ലഹരിയുടെ ലഭ്യത കുറയ്ക്കുക എന്നതിലുപരി, ലഹരിയുടെ ഉപയോഗം തടയുന്നതിനും ലഹരിക്ക് അടിമപ്പെട്ടവർക്ക് ചികിത്സയും പുനരധിവാസവും ഉറപ്പാക്കുന്നതിനും പ്രത്യേക ·ഊന്നൽ നൽകുന്നു. എക്സൈസ്, പോലീസ്, ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകളെ ഏകോപിപ്പിച്ചും സന്നദ്ധ സംഘടനകളുടെ സഹകരണം ഉറപ്പുവരുത്തികൊണ്ടും പഴുതടച്ച പ്രതിരോധ സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്.

**ആസാദ് സേന**: സ്കൂളുകളിലും, കോളേജുകളിലും NSS, SPC, NCC വിദ്യാർഥികളെ ഉൾപ്പെടുത്തി Peer Educator Group-കൾ രൂപീകരിച്ച് വിദഗ്ധമായ പരിശീലനവും മെൻറർ അധ്യാപകരുടെ പിന്തുണയും ഉറപ്പാക്കുന്നു. വിദ്യാർഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുവാൻ ആസാദ് സേന സജീവമായി പ്രവർത്തിക്കുന്നു. പ്രവർത്തിക്കുന്ന കൗൺസിലർമാർ വഴി കുട്ടികൾക്ക് മാനസിക പിന്തുണയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

## പ്രധാന പ്രതിരോധ സംവിധാനങ്ങൾ

IRCA കേന്ദ്രങ്ങൾ: സംസ്ഥാനത്ത് ലഹരിക്ക് അടിമപ്പെട്ടവർക്കായി ശാസ്ത്രീയമായ ചികിത്സയും കൗൺസിലിംഗും നൽകുന്ന 23 ഇൻറഗ്രേറ്റഡ് റീഹാബിലിറ്റേഷൻ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

ലഹരിക്ക് അടിമപ്പെട്ട കുട്ടികൾക്കും സ്ത്രീകൾക്കുമായി രണ്ട് പ്രത്യേക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

**വിമുക്തി മിഷൻ:** കേരള സർക്കാരിന്റെ ഏറ്റവും വലിയ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സ്കൂൾ-കോളേജ് തലങ്ങളിൽ വിപുലമായ ക്യാമ്പയിനുകളും ചികിത്സാ സഹായവും വിമുക്തി മുഖേന നൽകുന്നു.

## IV വയോജനങ്ങളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. **ആറാട്ടുപുഴ സർക്കാർ വൃദ്ധസദനം** - ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിലുള്ള വൃദ്ധസദനത്തിൽ കിടപ്പുരോഗികളായ 25 പേരെ താമസിപ്പിക്കുന്നതിനുള്ള സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്. നിലവിൽ 17 താമസക്കാരാണുള്ളത്. കിടപ്പ് രോഗികളായ വയോജനങ്ങളെ പരിപാലിക്കുന്നതിനാവശ്യമായ എല്ലാ ആധുനിക സൗകര്യങ്ങളും സ്ഥാപനത്തിൽ ഒരുക്കിയിട്ടുണ്ട്. സെമി ഓട്ടോമാറ്റിക് ഹോസ്പിറ്റൽ ബെഡുകൾ, കാർഡിക് ടേബിൾ, ഓക്സിജൻ കോൺസെൻറേറ്റർ, എയർ ബെഡ് എന്നിവ സജ്ജീകരിച്ച് കിടപ്പ

രോഗികളെ പരിചരിക്കുന്നതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും സ്ഥാപനത്തിൽ ഒരുക്കിയിട്ടുണ്ട്. നടപ്പ് വർഷം 25 താമസക്കാരെ പ്രവേശിപ്പിക്കുന്നതിന് സ്ഥാപനം സജ്ജീകരിച്ചിട്ടുണ്ട്.

**2. വയോസാന്ത്വനം** – സംസ്ഥാനത്ത് ആരോരും സംരക്ഷിക്കാനില്ലാത്ത വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി 17 ക്ഷേമസ്ഥാപനങ്ങളും ഗ്രാൻറ് ലഭിക്കുന്ന 199 NGO സ്ഥാപനങ്ങളും നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ ഈ NGO സ്ഥാപനങ്ങൾ പരിചരിക്കാൻ ആരുമില്ലാത്ത കിടപ്പുരോഗികളെ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യമാണ് നിലവനിലുള്ളത്. ആയത് പരിഹരിക്കുന്നതിനാണ് വയോസാന്ത്വനം എന്ന പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചത്. സംരക്ഷിക്കാനാര്യമില്ലാത്തതും, നിരാശ്രയരുമായ കിടപ്പിലായ വയോജനങ്ങളുടെ ശാരീരിക, മാനസിക, സാമൂഹ്യ ആരോഗ്യ ക്ഷേമം ഉറപ്പുവരുത്തുന്നതിന് പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഓസിബി അംഗീകാരം ഉള്ളതും എന്നാൽ സർക്കാർ ഗ്രാന്റ് ലഭ്യമാകാത്തതുമായ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി നടത്തുന്നതിലേക്കായി മനുഷ്യ വിഭവശേഷിയുടേയും, ദൈനംദിന ചിലവുകളുടെയും 80% തുക സാമൂഹ്യ നീതി വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതായിരിക്കും. പദ്ധതി നടത്തിപ്പിനാവശ്യമായ ബാക്കി 20% തുകയും, ഭൗതിക സൗകര്യങ്ങളും ലഭ്യമായ സന്നദ്ധ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി ഏറ്റെടുത്ത് നടത്താവുന്നതാണ്. സംസ്ഥാനത്ത് പത്തനംതിട്ട, കൊല്ലം എന്നീ 2 സ്ഥാപനങ്ങളിലായാണ് പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി നൽകിയത്.

199 ക്ഷേമസ്ഥാപനങ്ങൾ ഓ സി ബി ഗ്രാന്റ് നൽകി പ്രവർത്തിച്ചു വരുന്നു.

**3. എടവനക്കാട് ഫുൾടൈം ഡിമെൻഷ്യ കെയർ സെന്റർ** – എറണാകുളം ഗവ.വൃദ്ധസദനം & ഫുൾടൈം ഡിമെൻഷ്യ കെയർ സെന്റർ ഡിമെൻഷ്യ ബാധിച്ചവർക്ക് മാത്രമായി പ്രവർത്തിച്ചു വരുന്നുണ്ട്.

**ARDSI** – കേരളത്തിൽ അൽഷിമേഴ്സ് രോഗികളുടെ പരിചരണത്തിനും ~ ARDSI (Alzheimer's and Related Disorders Society of India) യുടെ സഹകരണത്തോടെ എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയ പരിചരണ കേന്ദ്രവും, തൃശ്ശൂർ ജില്ലയിലെ കുന്നംകുളം പകൽ പരിപാലന കേന്ദ്രവും 2015-16 സാമ്പത്തിക വർഷം മുതൽ വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. 10 വർഷമായി നടപ്പിലാക്കി വരുന്ന പദ്ധതി എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ ഡിമെൻഷ്യ രോഗികൾക്ക് സേവനം ലഭ്യമാക്കി വന്നിരുന്നു. 2025-26 സാമ്പത്തിക വർഷം മുതൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പ്രവർത്തിക്കുന്ന പകൽ പരിപാലന കേന്ദ്രത്തെ കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ഓർമ്മത്തോണി പദ്ധതിയിൽ ലയിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**4. 'Connecting Services to People in need' എന്ന പദ്ധതി**

സാമൂഹ്യനീതി വകുപ്പ് വയോജന മേഖലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയവും സാങ്കേതികവുമായ പിന്തുണ നൽകുന്നതിനും സാമൂഹ്യനീതി വകുപ്പ് ആവശ്യപ്പെടുന്ന പക്ഷം വയോജനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും പോളിസികളും പരിശോധിച്ച് കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള മാർഗനിർദേശങ്ങൾ നൽകുന്നതിനും ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന വിവിധ സർക്കാർ, സർക്കാരിതര ഏജൻസികളുടെ പ്രവർത്തനങ്ങൾ മാർഗരേഖ തയ്യാറാക്കുക, കെയർ ഗിവർമാർക്ക് പരിശീലനം നൽകുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി വയോജന മേഖലയിൽ റിസോഴ്സ് സെന്റർ ആരംഭിക്കുന്നത് ആവശ്യമാണെന്ന് കാണുകയും ആയത് പ്രകാരം കേരള ആരോഗ്യ സർവ്വകലാശാലയുമായി പ്രസ്തുത പ്രവർത്തനങ്ങൾ 2023-24 മുതൽ നടപ്പിലാക്കി വരികയും ചെയ്യുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ വയോജന റിസോഴ്സ് സെന്റർ മുഖാന്തിരം കേരള ആരോഗ്യ സർവ്വകലാശാല ഏറ്റവും പരിഗണന അർഹിക്കുന്ന വ്യക്തികൾക്ക് സേവനം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടു കൂടി Connecting Services to People in need' പദ്ധതി നടപ്പിലാക്കി വരുന്നു.

**5. വയോഅമൃതം**- സംസ്ഥാനത്തെ വൃദ്ധ സദനങ്ങളിലെ താമസക്കാർ അനുഭവിക്കുന്ന ഒറ്റപ്പെടൽ , മാനസിക സമ്മർദ്ദം , ആരോഗ്യ പ്രശ്നങ്ങൾ , രോഗങ്ങൾ എന്നിവയ്ക്ക് ആയുർവേദ ശാസ്ത്ര വിധി പ്രകാരം സൗജന്യ ആയുർവേദ ചികിത്സയും സാന്ത്വന പരിചരണവും ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് **വായോഅമൃതം**. സംസ്ഥാനത്തെ 16 വൃദ്ധസദങ്ങളിലെ താമസക്കാരാണ് വയോഅമൃതം പദ്ധതിയുടെ ഗുണഭോക്താക്കൾ. ആയുർവേദ ചികിത്സാ രീതിയായതിനാൽ വയോജനങ്ങൾക്ക് ഈ പദ്ധതി വളരെ പ്രയോജനപ്രദമാണ്.
സാമൂഹ്യ നീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വൃദ്ധസദനങ്ങളിലെ രോഗാതുരരായ താമസക്കാരുടെ സമഗ്ര-ആരോഗ്യ സംരക്ഷണത്തിനും അവരുടെ മാനസിക ശാരീരിക പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണുന്നതിനായി ഈ പദ്ധതി മുഖേന സാധ്യമാകും.

**6. വയോമധുരം പദ്ധതി** – 60 വയസ്സ് പൂർത്തിയായ ബി.പി.എൽ വിഭാഗത്തിൽപെട്ട മുതിർന്ന പൗരന്മാർക്ക് സൗജന്യമായി രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് നിർണ്ണയിക്കുന്ന ഗ്ലൂക്കോമീറ്റർ സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി. നിലവിൽ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്.

**7. മന്ദഹാസം** – ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അർഹരായ മുതിർന്ന പൗരന്മാർക്ക് സൗജന്യമായി കൃത്രിമ ദന്തനിര വെച്ചുകൊടുക്കുന്ന പദ്ധതിയാണ് മന്ദഹാസം. ആവശ്യമെന്ന് ബോധ്യപ്പെടുന്ന പക്ഷം, തുടർച്ചയായി ഉണ്ടാകുന്ന യാത്ര ചെലവുകൾക്കുള്ള സാമ്പത്തിക സഹായവും മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിക്കുന്നതാണ്.

8.**മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ആക്ട് 2007 (MWPSC Act 2007) നടപ്പിലാക്കൽ** – മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും ക്ഷേമത്തിനും സംരക്ഷണത്തിനും ഇന്ത്യൻ ഭരണഘടന ഉറപ്പ

നൽകിയിട്ടുള്ളതുമായ കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിന് വേണ്ടിയാണ് 2007-ൽ ഈ നിയമം നിലവിൽ വന്നത്. മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ആക്ട് കേരളത്തിൽ നിലവിൽ വന്നത് 2008 ലും അനുബന്ധ ചട്ടങ്ങൾ നിലവിൽ വന്നത് 2009 ലുമാണ്. വയോജന സംരക്ഷണ നിയമം നടപ്പാക്കുന്നതിന് മെയിന്റനൻസ് ട്രൈബ്യൂണലുകളായി ചുമതലപ്പെടുത്തിയിട്ടുള്ളത് റവന്യൂ ഡിവിഷണൽ ഓഫീസർമാരെയാണ് (RDO).

**9. ട്രാക്കിംഗ് സോഫ്റ്റ്‌വെയർ** –MWPSc ആക്ട്-2007 പ്രകാരമുള്ള സംരക്ഷണം സമയബന്ധിതമായും ഫലപ്രദമായും വയോജനങ്ങളിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും, വയോജനങ്ങക്ക് ഓൺലൈൻ മുഖേന പ്രസ്തുത പരാതികൾ സമർപ്പിക്കുവാൻ കഴിയുന്ന സാഹചര്യം ഒരുക്കുന്നതിനും, പരാതിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളുടെ പുരോഗതി കൃത്യമായി നിരീക്ഷിക്കുന്നതിനുമായി, സാമൂഹ്യനീതി വകുപ്പ് കേരള സ്റ്റാർട്ട് അപ്മിഷനുമായി സഹകരിച്ച് **MWPSc Act-2007-Case Tracking Software** രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഈ സോഫ്റ്റ് വെയറിലൂടെ അപേക്ഷകന് റവന്യൂ ഡിവിഷണൽ ഓഫീസിൽ നേരിട്ട് പോകാതെ, മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ലാപ്ടോപ് എന്നിവ ഉപയോഗിച്ചോ, അക്ഷയ സെന്റർ മുഖേനയോ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരം ഓൺലൈൻ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കപ്പെടുകയും, ബന്ധപ്പെട്ട ജീവനക്കാർക്ക് തുടർ നടപടികൾ കാലതാമസം കൂടാതെ കൈക്കൊള്ളാനും കഴിയും.

**10. എൽഡർലൈൻ** – കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് നാഷണൽ ഹെല്പ് ലൈൻ ഫോർ സീനിയർ സിറ്റിസൺസ് അഥവാ എൽഡർലൈൻ. മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പ് വരുത്തുകയും അവരുടെ പരാതികൾ പരിഹരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് എൽഡർ ഹെല്പ്-ലൈൻ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 14567 എന്ന ടോൾ ഫ്രീ നമ്പറിൽ എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ എൽഡർ ലൈൻ സേവനം ലഭ്യമാണ്.

**<u>11. സായംപ്രഭാ ഹോം പദ്ധതി :</u>** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകികൊണ്ട് അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിയാണ് സായംപ്രഭാ ഹോം പദ്ധതി. ബന്ധപ്പെട്ട പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനിലെ 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാരെയാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്.

**<u>12. മാതൃക സായം പ്രഭ ഹോം പദ്ധതി :</u>** പകൽപരിപാലന കേന്ദ്രങ്ങളെ കെയർഗിവറുടെ സേവനം, ടെക്നിക്കൽ സപ്പോർട്ട് എന്നിവ നൽകി കൊണ്ട് സായംപ്രഭ ഹോമാക്കി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പാക്കി വരുന്നു. നിലവിൽ 82 സായംപ്രഭാ ഹോമുകളാണ് പ്രവർത്തിച്ചു വരുന്നത്, ആയത് നടപ്പു വർഷം 140 ആക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. വയോജനങ്ങളുടെ ആരോഗ്യ സാമൂഹ്യ നിലവാരം കാലാനുസൃതമായി ഉയർത്തുന്നതിനായി ആധുനിക സൗകര്യങ്ങളോടു കൂടിയ മൾട്ടി സർവീസ് പകൽവീട് നിലവാരത്തിൽ മാതൃകാ

സായംപ്രഭ ഹോം പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ മുഖേന വയോജനങ്ങളുടെ സമഗ്ര ആരോഗ്യ പരിചരണം, കലാകായിക പ്രവർത്തനങ്ങളുടെ പ്രോത്സാഹനം, വിനോദയാത്ര, സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ക്രമീകരണം, നിയമ സഹായം എന്നിവ ഒരുക്കി വയോജനങ്ങളുടെ സമഗ്രമായ ക്ഷേമത്തിനായുള്ള റിസോഴ്സ് ഹബ്ബായി മാറ്റുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും, പോഷകാഹാര ലഭ്യതയുമായി ഫുഡ് കിറ്റുകളും നൽകി വരുന്നുണ്ട്. അതോടൊപ്പം, വാർദ്ധക്യത്തിൽ വിറ്റാമിൻ കുറവ് മൂലമുണ്ടാകുന്ന ശാരീരിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക ശ്രദ്ധയും നൽകി വരുന്നു. ഒരു ജില്ലയിൽ ഒരു മാതൃകാ ഹോം ആരംഭിക്കുന്നതിനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

**<u>13. സല്ലാപം പദ്ധതി</u>** മുതിർന്ന പൗരന്മാരുടെ മാനസിക ആരോഗ്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായും, അവർ അനുഭവിക്കുന്ന ഏകാന്തതക്ക് ഒരു പരിഹാരം കാണുന്നതിനുമായി, മുതിർന്ന പൗരന്മാരെയും പുതിയ തലമുറയെയും ടെലിഫോൺ മുഖാന്തിരം ബന്ധിപ്പിച്ച്, ഒറ്റക്ക് താമസിക്കുന്നതൊ, ഒറ്റപ്പെടൽ അനുഭവിക്കുന്നതൊ ആയ മുതിർന്ന പൗരന്മാർക്ക് ഒരു phone mate/ telephone friend–നെ നൽകുകയും, അതിലൂടെ മുതിർന്ന പൗരന്മാരുടെ വാർദ്ധക്യം കൂടുതൽ സന്തോഷകരമാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോട് കൂടിയാണ് **'സല്ലാപം'** എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. മുതിർന്ന പൗരന്മാരെ ആധുനിക ലോകത്തിന്റെ സാങ്കേതിക വിദ്യകൾ കൂടുതൽ പരിചയപ്പെടുത്തി കൊടുക്കുന്നതിനും പുതു തലമുറയുമായി അവർക്ക് കൂട്ട് കൂടാനും ടി പദ്ധതിയിലൂടെ കഴിയും. മുതിർന്ന പൗരന്മാരുടെ അനുഭവജ്ഞാനം പുതിയ തലമുറയ്ക്ക് പകർന്നു നൽകുക അതുവഴി വയോജന സൗഹൃദമായ മികച്ചൊരു സമൂഹം സൃഷ്ടിക്കുക എന്നതും ഒരു പ്രധാന ലക്ഷ്യമാണ്. സോഷ്യൽ വർക്ക്, സൈക്കോളജി മുതലായ കോഴ്സ് പഠിക്കുന്ന കോളേജ് വിദ്യാർഥികളുടെ സേവനം ഉപയോഗിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## <u>കേന്ദ്ര സർക്കാർ പദ്ധതികൾ</u>

### 1. AVYAY (Atal Vayo Abhyuday Yojana)

മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷിതവും ആരോഗ്യകരവുമായ വാർദ്ധക്യവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. തിമിര ശസ്ത്രക്രിയ, ജീരിയാട്രിക് കെയർ ഗിവർ പരിശീലനം, ആരോഗ്യ ക്യാമ്പുകൾ, പോഷകാഹാര വിതരണം, തലമുറകൾ തമ്മിലുള്ള ഐക്യ പ്രവർത്തനങ്ങൾ, വയോജന ദിനാഘോഷങ്ങൾ, ബോധവത്കരണ പരിപാടികൾ എന്നിവ AVYAY പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു..

മുതിർന്ന പൗരന്മാരുടെ ആരോഗ്യസംരക്ഷണം, പോഷകാഹാരം, പരിചരണ സേവനങ്ങൾ, സജീവ വാർദ്ധക്യം, സാമൂഹിക സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനായി കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയത്തിന്റെ AVYAY പദ്ധതിയുടെ ഭാഗമായി Cataract Free India, Geriatric Care Giver Training, Productive Ageing, സായംപ്രഭ ഡേ കെയർ കേന്ദ്രങ്ങൾ, ആരോഗ്യ ക്യാമ്പുകൾ, പോഷകാഹാര വിതരണം, ബോധവൽകരണ പരിപാടികൾ എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു..

## 2. SMILE-Scheme for Marginalized individuals for Livelihood and Enterprise

SMILE പദ്ധതി ഭിക്ഷാടനം ചെയ്യുന്നവരുടെ സമഗ്ര ക്ഷേമവും പുനരധിവാസവും ലക്ഷ്യമാക്കി കേന്ദ്ര സാമൂഹ്യനീതി-ശാക്തീകരണ മന്ത്രാലയം നടപ്പിലാക്കുന്ന പദ്ധതിയാണ്. ഭിക്ഷാടനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ രക്ഷാപ്രവർത്തനം, പുനരധിവാസം, നൈപുണ്യ വികസനം, ഉപജീവന മാർഗങ്ങൾ സൃഷ്ടിക്കൽ എന്നിവയ്ക്കൊപ്പം തൊഴിൽ, ആരോഗ്യപരിരക്ഷ, അഭയകേന്ദ്രങ്ങൾ, സാമൂഹിക ഉൾച്ചേരൽ എന്നിവ ഉറപ്പാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു.

കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ വകുപ്പ് നടപ്പിലാക്കുന്ന Scheme for Marginalized individuals for Livelihood and Enterprise പദ്ധതിയുടെ sub scheme ആയ- Comprehensive Rehabilitation of persons engaged in the act of Begging)പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടത്തിൽ രാജ്യത്തെ 30 സിറ്റികൾ(Temple cities-10, Tourist Cities-10, Historical Cities-10) Identify ചെയ്തിട്ടുള്ളതായും കേരളത്തിൽ നിന്നും Tourist Cities ൽ തിരുവനന്തപുരവും Historical Cities ൽ കോഴിക്കോടും Temple city category യിൽ കൊച്ചി (Aluva Mahadeva Temple) യും ഉൾപ്പെട്ടിട്ടുണ്ട്.

ആലപ്പുഴ, കൊല്ലം, കണ്ണൂർ, തൃശ്ശൂർ, മലപ്പുറം(തിരൂർ) എന്നിവയാണ് കേരളത്തിൽ നിന്നും പുതുതായി ഉൾപ്പെടുത്തിയ നഗരങ്ങൾ. ടി പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്നും അനുവദിക്കുന്ന ഫണ്ട് ഓരോ ജില്ലയിലും ഒരു നോഡൽ ഓഫീസറെ നിയോഗിച്ചുകൊണ്ട് ജില്ലാ കളക്ടർ മുഖേന ഫണ്ട് വിനിയോഗം നടപ്പിലാക്കി വരുന്നു.

## 3. NAMASTE (National Action for Mechanised Sanitation Ecosystem)

**NAMASTE** പദ്ധതി കേന്ദ്ര സാമൂഹ്യനീതി-ശാക്തീകരണ മന്ത്രാലയവും ഭവന-നഗരകാര്യ മന്ത്രാലയവും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. മാനുവൽ സ്കാവഞ്ചിംഗ് പൂർണ്ണമായും ഇല്ലാതാക്കുകയും ശുചീകരണ തൊഴിലാളികളുടെ സുരക്ഷ, ക്ഷേമം, ഉപജീവന വികസനം എന്നിവ ഉറപ്പാക്കുകയും ചെയ്യുന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ശുചീകരണ തൊഴിലാളികളുടെ സർവേ, സുരക്ഷാ പരിശീലനം, വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളുടെ വിതരണം, യന്ത്രവൽക്കരിച്ച ശുചീകരണം, ആരോഗ്യ-സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ, നൈപുണ്യ വികസനം, സ്വയംതൊഴിൽ പിന്തുണ തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. NAMSTE പദ്ധതി കൈകാര്യം ചെയ്യുന്നത് തദ്ദേശ സ്വയം ഭരണ വകുപ്പാണ്.

## 4. RPwD ആക്ട് 2016 ന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി ഭിന്നശേഷിക്കാർക്കായി ആരംഭിച്ച ചില സ്കീമുകളുടെയും പ്രോഗ്രാമുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- **'വിദ്യാകിരണം'**: ഭിന്നശേഷിക്കാരായ രക്ഷിതാക്കളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്.

- **'വിദ്യാജ്യോതി'**: എട്ടാം ക്ലാസ് കഴിഞ്ഞ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സൗജന്യ യൂണിഫോം, പഠന സാമഗ്രികൾ.
- **'സ്വാശ്രയ'**: ഭിന്നശേഷിക്കാരുടെ അമ്മമാർക്ക് സ്വയം തൊഴിൽ സഹായം.
- **'സഹചാരി'**: ഭിന്നശേഷി സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.എസ്.എസ്. (National Service Scheme) വിദ്യാർത്ഥികൾക്കും സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഗ്രൂപ്പുകൾക്കും ക്യാഷ് അവാർഡ്.
- **'വിജയാമൃതം'**: പരീക്ഷകളിൽ മികച്ച വിജയം നേടിയവർക്ക് ക്യാഷ് അവാർഡ്.
- **പരിരക്ഷ**- ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അടിയന്തിര സാഹചര്യത്തിൽ സഹായം നൽകുന്നതിനുള്ള പദ്ധതി
- ഭിന്നശേഷിക്കാരുടെ നൈപുണ്യ വികസനത്തിനായി എൻ.ജി.ഒ.യുടെ പിന്തുണയോടെ 2016-17 വർഷത്തിൽ**'അതിജീവനം'**എന്ന പദ്ധതി ആരംഭിച്ചു.
- ഭിന്നശേഷിയുള്ള അഗതികൾക്കും അനാഥർക്കും സ്ഥാപനപരമായ പുനരധിവാസ സേവനങ്ങൾ സർക്കാർ നടത്തുന്ന 14 ക്ഷേമ സ്ഥാപനങ്ങൾ വഴി നൽകുന്നു. മലപ്പുറം**'പ്രതീക്ഷ ഭവൻ'**, കോഴിക്കോട്**'പുണ്യ ഭവൻ'**എന്നീ സ്ഥാപനങ്ങൾ പ്രൊഫഷണൽ കെയർ ആൻഡ് സപ്പോർട്ട് സേവനങ്ങളോടെ നവീകരിച്ചു.
- **'സ്നേഹയാനം'**: RPwD ആക്ട് 2016 പരിധിയിൽ ഉൾപ്പെടുന്ന ഭിന്ന ശേഷിക്കാരുടെയോ, 80% അല്ലെങ്കിൽ അതിലധികം തീവ്ര ഭിന്നശേഷിയുള്ളവരുടെയോ, നിർധനരും മറ്റ് വരുമാന മാർഗങ്ങളൊന്നുമില്ലാത്ത ഭിന്ന ശേഷിക്കാരുടെ രക്ഷിതാക്കൾക്ക് ഇലക്ട്രിക് ഓട്ടോ നൽകുന്ന പദ്ധതി.
- **മാതൃജ്യോതി പദ്ധതി**- ഭിന്നശേഷി അവകാശ നിയമം, 2016 പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ധനസഹായ പദ്ധതി.
- **പരിണയം പദ്ധതി**- ഭിന്നശേഷിക്കാരായ വ്യക്തികളുടെ പെണ്മക്കൾക്കും, ഭിന്നശേഷി പെൺകുട്ടികൾക്കും വിവാഹ ധനസഹായം നൽകുന്ന പദ്ധതി
- **നിയമപരമായ രക്ഷാകർതൃത്വം**- നാഷണൽ ട്രസ്റ്റ് ആക്ട്, 1999 പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികൾക്ക് നിയമപരമായി രക്ഷകർത്താവിനെ കണ്ടെത്തി ലീഗൽ ഗാർഡിയൻഷിപ്പ് നല്കുന്നു.
- **NISH ONLINE INTERACTIVE DISABILITY AWARNESS SEMINAR (NIDAS)** – ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് ഭിന്നശേഷിക്കാരുടെ രക്ഷിതാക്കൾക്കും, ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്കും പരിശീലനം നൽകുന്ന പദ്ധതി.
- **നിരാമയ ഇൻഷുറൻസ് പദ്ധതി**- നാഷണൽ trust ആക്റ്റിന്റെ പരിധിയിൽ വരുന്ന ഭിന്നശേഷിക്കാർക്കായി കേന്ദ്ര സർക്കാർ നടത്തുന്ന നിരാമയ പദ്ധതിയിൽ അംഗങ്ങൾ ആകുന്ന സംസ്ഥാനത്തെ ഭിന്നശേഷി വ്യക്തികളുടെ ഇൻഷുറൻസ് പ്രീമിയം തുക സംസ്ഥാനസർക്കാർ അടച്ചു സൗജന്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി
- **RPwD രജിസ്ട്രേഷന്** – സംസ്ഥാന ഭിന്നശേഷി അവകാശ ചട്ടം 2020 അധ്യായം IV സെക്ഷൻ 12 (1) പ്രകാരം ഭിന്നശേഷി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നല്കുന്നതിനുള്ള Competent Authority ആയി സാമൂഹ്യനീതി വകുപ്പ് ജോയിന്റ് ഡയറക്ടറേയും അപ്പലേറ്റ് അതോറിറ്റിയായി സാമൂഹ്യനീതി ഡയറക്ടറേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

- **മൊബിലിറ്റി മിഷൻ കേരള പദ്ധ**തി- സെറിബ്രൽ പാൾസി ഉൾപ്പെടെ ബുദ്ധിപരവും ശാരീരികവുമായി പരിമിതികളുള്ള കുട്ടികളെ കണ്ടെത്തി സാധ്യമായ വൈദ്യശാസ്ത്ര പരിചരണവും (കറക്ടീവ് സർജറി ഉൾപ്പെടെ) പുനരധിവാസവും, രക്ഷിതാക്കൾക്ക് പരിശീലനവും നല്കി തീവ്രഭിന്നശേഷിത്വത്തിലേക്ക് നയിക്കുന്നത് തടയുന്നതിനും, സ്വന്തമായോ അനുബന്ധ ഉപകരണങ്ങളുടെ സഹായത്തോടെയോ നടക്കാൻ പ്രാപ്തരാക്കുന്നതിനും, അനുയോജ്യമായ പരിശീലന ഉപകരണങ്ങൾ നല്കുന്നതിനും സാമൂഹ്യ നീതി വകുപ്പിന്റെയും മലപ്പുറം വളാഞ്ചേരി വി.കെ.എം. സ്പെഷ്യൽ സ്കൂളിന്റെയും സംയുക്തസംരംഭമായ മൊബിലിറ്റി മിഷന് കേരള പദ്ധതി 2018-19 വർഷം മുതൽ നടപ്പിലാക്കിവരുന്നു.
- **പ്രത്യാശ പദ്ധതി**- മാനസ്സിക രോഗം ഭേദമായിട്ടും / നിയന്ത്രണ വിധേയമായിട്ടും സ്വന്തം വീടുകളിൽ പോകുവാനോ കുടുംബത്തെ കണ്ടെത്തുവാനോ കഴിയാത്ത അന്യസംസ്ഥാനക്കാരെ സ്വന്തം ഭവനങ്ങളിലോ / കുടുംബത്തിലോ / സ്വദേശത്തേയ്ക്കോ എത്തിയ്ക്കുന്ന പദ്ധതി.
- **പുനർജ്ജനി**- പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിലെ മാനസിക രോഗബാധിതരായ ആദിവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കുന്ന പദ്ധതി. പദ്ധതിയുടെ ഭാഗമായി സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ആരോഗ്യം, പട്ടിക വർഗ്ഗ വികസനം, റവന്യൂ, തദ്ദേശ സ്വയം ഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോട് കൂടി 50 പേരെ താമസിപ്പിക്കാവുന്ന കെയർ ഹോം അട്ടപ്പാടിയിൽ പ്രവർത്തിക്കുന്നു.
- **Day Care Project (IMHANS)** - മാനസികരോഗ വിമുക്തരായവരുടെ പുനരധിവാസത്തിന്റെ ഭാഗമായി 2017 ഫെബ്രുവരി മുതൽ Kozhikode IMHANS ന്റെ മേൽനോട്ടത്തിൽ Day Care Centre പ്രവർത്തിച്ചുവരുന്നു. ദീർഘകാലമായി മാനസിക രോഗം ബാധിച്ച് സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടു കഴിയുന്നവരാണ് ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ.
- **സഹജീവനം സ്നേഹഗ്രാമം**- എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ "സഹജീവനം സ്നേഹഗ്രാമം" എന്ന പുനരധിവാസഗ്രാമം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും കൾസൾട്ടിംഗ്&ഹൈഡ്രോതെറാപ്പി യൂണിറ്റുമാണ് സ്ഥാപനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുള്ളത്.
- മാനസിക രോഗികൾക്ക് Psycho Social Care നൽകുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിയ്ക്കുന്ന പദ്ധതി പ്രകാരം 42 സന്നദ്ധ സംഘടനകൾക്ക് സർക്കാർ ഗ്രാന്റ് അനുവദിച്ചു വരുന്നു .
- **പ്രചോദനംപദ്ധതി:**ബുദ്ധിപരമായി വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ ശാക്തീകരണത്തിനായി ജില്ലാ തലത്തിൽ തൊഴിൽ പരിശീലനവും നൈപുണ്യവികസനവും നൽകുന്നതിനായി പുതിയ പദ്ധതി തയ്യാറാക്കി സർക്കാർ അംഗീകാരം തേടി തുടർ നടപടി സ്വീകരിച്ചു വരുന്നു. .
- **സുഗമ്യംപോർട്ടൽ**- ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും RpwD ആക്ട്പ്രകാരം രജിസ്ട്രേഷൻ നേടിയിരിക്കണമെന്ന്കേരള ഭിന്നശേഷി അവകാശചട്ടം 2020ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ കൂടുതൽ കാര്യാക്ഷമമാക്കുന്നതിനും സമയബന്ധിതമായി രജിസ്ട്രേഷൻ അനുവദിക്കുന്നതിനുമായി

വകുപ്പ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള ഓൺലൈൻ സംവിധാനമാണ് '**സുഗമ്യം പോർട്ടൽ'.**

- **ഭിന്നശേഷിക്കാരായ കായിക താരങ്ങൾക്കുള്ള പദ്ധതി**
  ഭിന്നശേഷിക്കാരായ കായിക താരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കൽ, യാത്ര, ഭക്ഷണം, താമസ സൗകര്യം, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ആവശ്യമായ സാമ്പത്തിക പിൻതുണ നൽകുന്നതിനുള്ള പദ്ധതി.
- **ആശാഭവൻ,പ്രത്യാശഭവൻ എന്നീസ്ഥാപനങ്ങളിൽ ടെക്നിക്കൽ സപ്പോർട്ട് പദ്ധതി** – സർക്കാരിനുകീഴിൽ പ്രവർത്തിയ്ക്കുന്ന ഭിന്നശേഷി സ്ഥാപനങ്ങളിൽ പ്രൊഫെഷണൽ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും താമസക്കാർക്ക്അനുയോജ്യമായ തരത്തിലുള്ള തൊഴിൽ പരിശീലനങ്ങളും സൈക്കോസോഷ്യൽ സപ്പോർട്ടും നൽകുന്നതിനു സോഷ്യൽ വർക്ക്കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതി നടപ്പു വർഷം ആരംഭിയ്ക്കുന്നു.
- **വിറ്റിസി സർവ്വീസ്ഡെലിവറി ഇംപ്രൂവിങ്–** ഭിന്നശേഷിക്കാരായകുട്ടികൾക്ക്തൊഴിൽ പരിശീലനംനൽകുന്ന സാമൂഹ്യനീതിവകുപ്പിൻ കീഴിലുള്ള സ്ഥാപനങ്ങളായ തിരുവനന്തപുരം ,കോഴിക്കോട് VTC യിലെ കോഴ്സുകൾ NISH ,NIPMR എന്നീ ഏജൻസികളുടെ സഹകരണത്തോടെ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- **അസ്സിസ്റ്റീവ്ഡിവൈസ്പോർട്ടൽ** – ഭിന്നശേഷിക്കാർക്കുള്ള സഹായ ഉപകരണ വിതരണം കാര്യക്ഷമം ആക്കുന്നതിനുള്ള നൂതന ഓൺലൈൻ സംവിധാനം നടപ്പുവർഷം ആരംഭിയ്ക്കുന്നതാണ്.
- **റെസ്പൈറ്റ്ഹോം–** ഭിന്നശേഷിക്കാരായ വ്യക്തികൾക്ക്താത്ക്കാലിക സംരക്ഷണംനൽകുന്നതിനുള്ള പ്രത്യേകകേന്ദ്രങ്ങൾ നടപ്പുവർഷം സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആരംഭിയ്ക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.
- **സംയോജിതപുനരധിവാസഗ്രാമം**: ഭിന്നശേഷിക്കാർക്കായി സംസ്ഥാനത്തിന്റെ മൂന്ന് മേഖലകളിൽ മൂന്ന്സംയോജിത പുനരധിവാസഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കാസർകോഡ് മൂളിയാറിൽ പ്രവർത്തനം ആരംഭിച്ച എൻഡോസൾഫാൻ പുനരധിവാസഗ്രാമത്തിന്റെ രണ്ടാംഘട്ടനിർമാണ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുന്നതിനുള്ള DPR തയ്യാറാക്കിവരുന്നു.

## അനുബന്ധം II

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ പോളിസിയുടെ ഭാഗമായി, ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ട്രാൻസ്ജെൻഡർ സെൽ പ്രവർത്തിച്ചു വരുന്നുണ്ട്.

| ക്രമ നം. | തസ്തിക,എണ്ണം | പ്രതിമാസ വേതനം | കരാർ കാലാവധി അവസാനിക്കുന്ന തീയതി |
|---|---|---|---|
| 1. | പ്രോജക്ട് ഓഫീസർ (1) | 30675/- | 31/05/2026 ന് കരാർ കാലാവധി അവസാനിച്ചു. |
| 2. | പ്രോജക്ട് അസിസ്റ്റന്റ് (2) | 19950/- | ടി തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന Arvika P.R എന്ന ജീവനക്കാരിയുടെ കരാർ കാലാവധി 31/05/2026 ന് അവസാനിച്ചു.<br>ടി തസ്തികയിൽ ജോലി ചെയ്തു വരുന്ന സാൻജോ സ്റ്റീവ് എന്ന ജീവനക്കാരന്റെ കരാർ കാലാവധി 31/08/2026 ന് അവസാനിക്കും. |
| 3. | ഓഫീസ് അറ്റൻഡന്റ് (1) | 19310/- | 31/05/2026 ന് കരാർ കാലാവധി അവസാനിച്ചു. |

**വയോജന ക്ഷേമം**

വയോജന ക്ഷേമ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ MWPSC Act ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സ്റ്റേറ്റ് കോ-ഓർഡിനേറ്ററെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **തസ്തിക,എണ്ണം** | **പ്രതിമാസ വേതനം** | **കരാർ കാലാവധി അവസാനിക്കുന്ന തീയതി** |
|---|---|---|---|
| 1 | സ്റ്റേറ്റ് കോ- ഓർഡിനേറ്റർ | **30,995/-** രൂപ | 22/06/2026 |

**ബാരിയർ ഫ്രീ പാർക്ക്**

| **ക്രമ നം.** | **തസ്തിക,എണ്ണം** | **പ്രതിമാസ വേതനം** | **കരാർ കാലാവധി അവസാനിക്കുന്ന തീയതി** |
|---|---|---|---|
| **1** | കെയർടേക്കർ 1 | 19310/- | 09/02/2026 അവസാനിച്ചു |